## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എഫ്) വകുപ്പ്
## <u>നടപടിതീർപ്പ്</u>
### (ഹാജർ : യു വി ജോസ് ഐ എ എസ്)

വിഷയം : ഐ&പി.ആർ.ഡി - കോവിഡ് 19 സംബന്ധമായ അടിയന്തിര വിവരങ്ങൾ പൊതുജനങ്ങൾക്ക് നല്കിയ മിസ്സ്ഡ് കോൾ അലർട്ട് സംവിധാനം നടപ്പിലാക്കുന്നതിന് M/s. QUADLEO Techno Solutions Private Limited ന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന :-
1. 17.03.2020 ലെ വെബ് &ന്യൂമീഡിയ ഇൻഫർമേഷൻ ഓഫീസറുടെ പ്രൊപ്പോസൽ.
2. 17/03/2020 ലെ ബി2/4338183/2020/ഐ&പി ആർ നമ്പർ നടപടിത്തീർപ്പ്
3. 30.03.2020 ലെ M/s. QUADLEO Techno Solutions Private Limited ന്റെ 30032020 നമ്പർ ബിൽ.
4. 31.03.2020 ലെ ഐ.ടി. വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിന്റെ മിനിട്സ്.

=====================================================================

**നം. : എഫ്1/36/2020/ഐ & പി ആർ** **തീയതി, തിരുവനന്തപുരം: 07/05/2020**

=====================================================================

### <u>ഉത്തരവ്</u>

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ് - 19) ബാധയെത്തുടർന്നുള്ള അടിയന്തിര സാഹചര്യം മുൻനിർത്തി ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക അറിയിപ്പുകളും നിർദ്ദേശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഐ & പി ആർ വകുപ്പിന്റെ GoKDirect എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിരുന്നു. മിസ്ഡ് കോൾ അലർട്ട് സംവിധാനത്തിലൂടെ സ്മാർട്ട് ഫോൺ ഇല്ലാത്തവർക്കും കൂടി കോവിഡ് 19 സംബന്ധമായ യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു മുഖ്യമന്ത്രി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സ്റ്റാർട്ട് അപ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന M/s. QUADLEO Techno Solutions Private Limited ന്റെ പ്രൊപ്പോസൽ അംഗീകരിച്ച് സംവിധാനം ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു.

2. സർക്കാർ വകുപ്പുകളിലെ സോഫ്റ്റ് വെയർ ആപ് ളിക്കേഷനുകൾ വിലയിരുത്തുന്നതിനായി ഇലക്ട്രോണിക്സ് ആൻഡ് ഐ ടി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 31-03-2020നു കൂടിയ 22-ാമത് സാങ്കേതികസമിതി മിസ്ഡ് കോൾ അലർട്ട് സംവിധാനത്തിന്റെ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിന് M/s. QUADLEO Techno Solutions Private Limited ന്റെ 1,18,000+GST രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിന് ശുപാർശ ചെയ്തു.

3. മിസ്സ്ഡ് കോൾ മാനേജ്മെന്റ് സിസ്റ്റം ഡെവലപ് ചെയ്തതുമായി ബന്ധപ്പെട്ട് M/s. QUADLEO Techno Solutions Private Limited ന് 1,18,000/- രൂപ (ഒരു ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) "2220-60-101-97-02-Electronic Media (NP)"ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുകയുടെ 2% തുകയായ 2360/- രൂപ ടി ഡി എസ് ഇനത്തിൽ ( PAN No.AAAFQ6089M) കിഴിവു വരുത്തിയ ശേഷം ബാക്കി തുകയായ 1,15,640/- രൂപ (ഒരു ലക്ഷത്തി **പതിനയ്യായിരത്തി അറുന്നൂറ്റി നാൽപ്പത്** രൂപ മാത്രം) M/s. QUADLEO Techno Solutions Private Limited ന്റെ അക്കൌണ്ടിലേക്ക് (South Indian Bank, Kozhikode, West Hill Branch, Account No. : 0269073000000710, IFSC Code : SIBL0000269 ) ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**യു വി ജോസ്**
**ഡയറക്ടർ**

M/s. QUADLEO Techno Solutions Private Limited, Door No. 20/265 A 16, സെക്കന്റ് ഫ്ളോർ കല്ലായി പി ഒ, കോഴിക്കോട് 673 003

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ),കേരള,തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർ.മേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 കോപ്പികൾ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ